'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ല - കേരള സംസ്ഥാന യോഗ ചാമ്പ്യൻഷിപ്പ് 2019 - പത്തനംതിട്ടയിലെ തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

**സ.ഉ.(സാധാ) നം.2020/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 19/09/2019**

---

പരാമർശം:- കേരള യോഗ അസോസിയേഷൻ പ്രസിഡന്റിന്റെ 16/09/2019 ലെ കത്ത്.

### ഉത്തരവ്

കേരള സംസ്ഥാന യോഗ ചാമ്പ്യൻഷിപ്പ് 2019 സെപ്റ്റംബർ 28, 29 തീയതികളിൽ പത്തനംതിട്ട ജില്ലയിലെ മാർത്തോമാ ഹൈസ്കൂളിൽ വച്ച് നടക്കുന്നുണ്ടെന്നും നാലാമത് കേരള സംസ്ഥാന യോഗാ ചാമ്പ്യൻഷിപ്പിൽ 8 0 0 ഓളം മൽസരാർത്ഥികളും 1 0 0 ഒഫിഷ്യൽസും പങ്കെടുക്കുന്നുണ്ടെന്നും, പ്രസ്തുത പരിപാടിക്ക് വലിയ സാമ്പത്തിക ചെലവ് വരുന്നതിനാൽ പത്തനംതിട്ട ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും 25,000/-രൂപ സാമ്പത്തിക സഹായം നൽകണമെന്നാവശ്യപ്പെട്ട് പരാമർശ കത്ത് പ്രകാരം കേരള യോഗ അസോസിയേഷൻ പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ മാർത്തോമാ ഹൈസ്കൂളിൽ വച്ച് 2019 സെപ്റ്റംബർ 28 ,29 തീയതികളിൽ നടക്കുന്ന നാലാമത് കേരള സംസ്ഥാന യോഗാ ചാമ്പ്യൻഷിപ്പിന്റെ ചെലവിനായി പത്തനംതിട്ട ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 10000 /-രൂപ (പതിനായിരം രൂപ മാത്രം) വീതവും ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും നഗരസഭകളിൽ നിന്നും 25000/- (ഇരുപത്തി അയ്യായിരം രൂപ മാത്രം) രൂപ വീതവും, അതാത് തദ്ദേശ സ്ഥാപനത്തിന്റെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി, തനതു ഫണ്ടിൽനിന്ന് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJEEVE C R

**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട മുഖേന)

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ (പകർപ്പ് ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം. മുഖേന)

ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

പ്രസിഡന്റ്, കേരള യോഗ അസോസിയേഷൻ

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ